# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 402 — 04.06.2018 — ൽ മറുപടിക്ക്

**പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും പുതിയ റേഷൻ കാർഡുകൾ എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും | നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്തവർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേക്ക് റേഷൻ കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ്. |
| (ബി) റേഷൻ കാർഡുകളിൽ നിന്ന് പേരുകൾ കുറവ് ചെയ്ത് പുതിയ റേഷൻ കാർഡുകളെടുക്കുന്നതിനുള്ള അപേക്ഷകൾ എന്ന് മുതൽ സ്വീകരിക്കുമെന്നും അത്തരത്തിലുള്ള അപേക്ഷകർക്ക് റേഷൻ കാർഡ് എന്ന് ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | | |
| (സി) റേഷൻ കാർഡുടമകൾക്ക്, അവർ നേരത്തെ താമസിച്ചിരുന്ന താലൂക്കിൽ നിന്നും ഇപ്പോൾ താമസിക്കുന്ന താലൂക്കിലേക്ക് റേഷൻ കാർഡ് മാറ്റുന്നതിനും റേഷൻ കടകൾ മാറ്റുന്നതിനും നിലവിൽ സൗകര്യം ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (ഡി) ലഭ്യമല്ലെങ്കിൽ ഈ സൗകര്യങ്ങൾ എന്ന് മുതൽ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ? | | |

*സെക്ഷൻ ഓഫീസർ*